**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ന്യൂനപക്ഷ ഭാഷാ പരീക്ഷ (തമിഴ്) വിജയത്തിന്റെ പിൻബലത്തിൽ തമിഴ് ന്യൂനപക്ഷ പ്രദേശത്തെ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി നിയമിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങൾ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1849/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 05.06.2017

================================================================================

പരാമർശം: 1. എറണാകുളം ജില്ലയിൽ പാറക്കടവ് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി ജോലി നോക്കുന്ന ശ്രീമതി. കെ.കെ. ജയശ്രീ സമർപ്പിച്ച 04.11.2016-ലെ നിവേദനം (അനക്ഷർ എ 11)

2. എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായി ജോലി നോക്കുന്ന ശ്രീ. അബ്ദുൾ നസീർ സമർപ്പിച്ച 21.11.2016-ലെ നിവേദനം (അനക്ഷർ എ 13)
3. ഒ.എ.(ഇകെഎം്) 297/17 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13.02.2017-ലെ വിധിന്യായം
4. പഞ്ചായത്ത് ഡയറക്ടറുടെ 05.04.2017-ലെ ഇ 1-9507/17 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി ജോലി നോക്കുന്ന ശ്രീമതി. കെ.കെ. ജയശ്രീ, എറണാകുളം ജില്ലയിലെ തന്നെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടായി ജോലി നോക്കുന്ന ശ്രീ. അബ്ദുൾ നസീർ വി.കെ. എന്നിവർ പരാമർശം (1), (2) പ്രകാരം സമർപ്പിച്ച നിവേദനങ്ങൾ 2 മാസത്തിനകം പരിശോധിച്ച് തീർപ്പാക്കാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) ലെ ഉത്തരവ് പ്രകാരം സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ 18.04.2017-ൽ നേരിൽ കേട്ടു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ന്യൂനപക്ഷ ഭാഷാ പരീക്ഷ (തമിഴ്) വിജയിച്ച തങ്ങളെ ടി യോഗ്യതയുടെ പിൻബലത്തിൽ സ്ഥാനക്കയറ്റം നൽകി തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശത്തെ പഞ്ചായത്തിൽ സെക്രട്ടറിയായി നിയമിക്കണമെന്നതാണ് അപേക്ഷകർ സമർപ്പിച്ച പരാമർശം (1), (2) നിവേദനങ്ങളിലെ ആവശ്യം. കൂടാതെ ന്യൂനപക്ഷ ഭാഷാ പരീക്ഷ യോഗ്യത നേടിയവർ സർവ്വീസിലുള്ളപ്പോൾ ടി യോഗ്യത നേടാത്തവർ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ സെക്രട്ടറിമാരായി ജോലി നോക്കുന്നുണ്ടെന്നും അപേക്ഷകർ നേരിൽ കേട്ട അവസരത്തിൽ അറിയിച്ചിട്ടുണ്ട്.

ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ സെക്രട്ടറിയായി നിയമനം നടത്തുന്നതിനായി യോഗ്യരായവരുടെ അപേക്ഷ സ്വീകരിച്ച് അവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നുമാണ് നിയമനം നടത്തുന്നതെന്നും ഇതിനു മുൻപ് ഇപ്രകാരം പുറപ്പെടുവിച്ച സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഇനിയും നാല് പേർക്കു കൂടി നിയമനം നൽകാനുണ്ടെന്നും ഇത് സംബന്ധിച്ച് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ

നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന അവസരത്തിൽ അപേക്ഷകർ നിശ്ചിത യോഗ്യത നേടിയിട്ടില്ലായിരുന്നുവെന്നും ഭാഷാ ന്യൂനപക്ഷ പ്രദേശത്തിൽ നിശ്ചിത ഭാഷാ യോഗ്യത നേടാത്തവർ ജോലി നോക്കുന്നുവെന്നുള്ളത് ശരിയാണെങ്കിലും പൊതുജനങ്ങളിൽ നിന്നും ആക്ഷേപമോ, പരാതിയോ ഇല്ലാതെ അവർ സേവനം ചെയ്തുവരികയാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ന്യൂനപക്ഷ ഭാഷാ യോഗ്യതയുണ്ട് എന്നതു കൊണ്ടു മാത്രം തന്റെ സീനയറിനു മുകളിൽ റഗുലർ സ്ഥാനക്കയറ്റത്തിന് ഒരാൾക്ക് യാതൊരു വിധ മുൻഗണനയുമുണ്ടായിരിക്കില്ല. എന്നാൽ KS&SSR ഭാഗം (II) ചട്ടം 9(d) പ്രകാരം ഒരു തസ്തികയിൽ/ഒഴിവിൽ ജോലി ചെയ്യുന്നതിന് ന്യൂനപക്ഷ ഭാഷാപരിജ്ഞാനം ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെടുന്നപക്ഷം, ടി യോഗ്യതയുള്ള സീനിയറായ ആരും തന്നെ ലഭ്യമല്ലാതെയിരിക്കുകയുമാണെങ്കിൽ, ടി യോഗ്യതയുള്ള ജൂനിയറായ ഒരാളെ പ്രസ്തുത തസ്തികയിലേക്ക് താത്കാലികമായി നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന ആളിനെ ആ തസ്തികയിലെ പ്രൊബേഷണർ ആയി കണക്കാകാനാകില്ല. കൂടാതെ, പ്രസ്തുത തസ്തികയിലേക്കുള്ള ഭാവിയിലെ സ്ഥിര നിയമനത്തിന് ടിയാൾക്ക് യാതൊരുവിധ മുൻഗണന നൽകാനും കഴിയില്ല.

ഈ സാഹചര്യത്തിൽ ശ്രീമതി. കെ.കെ. ജയശ്രീ, ശ്രീ. അബ്ദുൾ നസീർ വി.കെ എന്നിവർ തമിഴ് ന്യൂനപക്ഷ ഭാഷാ പ്രദേശത്തെ പഞ്ചായത്തുകളിൽ സെക്രട്ടറിമാരായി നിയമിക്കപ്പെടുവാൻ മുൻഗണന ലഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭാഷാ പരിജ്ഞാനം നേടിയിട്ടുണ്ടെന്ന് കാണുന്നപക്ഷം ടിയാളുകളെ പ്രസ്തുത യോഗ്യത നേടിയ സീനിയേഴ്സിന്റെ അഭാവത്തിൽ തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശത്തെ പഞ്ചായത്തുകളിൽ സെക്രട്ടറിയായി താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി, ടി തസ്തികയിലെ പ്രൊബേഷണർ ആയി കണക്കാക്കുകയോ, സ്ഥിരനിയമനത്തിന് മുൻഗണന നൽകുകയോ ചെയ്യില്ലെന്ന വ്യവസ്ഥകൾക്കു വിധേയമായി നിയമിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്,**
ജോയിന്റ് സെക്രട്ടറി

1. ശ്രീമതി. കെ.കെ. ജയശ്രീ, അസിസ്റ്റന്റ് സെക്രട്ടറി, പാറക്കടവ് ഗ്രാമപഞ്ചായത്ത്
2. ശ്രീ. അബ്ദുൾ നസീർ, ജൂനിയർ സൂപ്രണ്ട്, നായരമ്പലം ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ